ഇങ്ങനെ നിക്ഷേപിക്കുന്നവർക്കെതിരെ മുനിസിപ്പൽ നിയമം അനുശാസിക്കുന്നവിധത്തിൽ കർശന നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : അതിനെ സംബന്ധിച്ച് കർശനമായ നിലപാട് ഗവൺമെന്റ് എടുത്തിട്ടുണ്ട്. കണ്ടെത്തിയിട്ടുള്ള കേസുകളിൽ ശക്തമായിട്ടുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. പി. രാജു : സർ, ചപ്പ് ചവറുകളിൽ നിന്നും വളം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചില നഗരസഭകൾ പ്ലാൻ ചെയ്തു വരുന്നുണ്ട്. അതിലൊന്നാണ് പറവൂർ നഗരസഭ. ഇത് നേരിടുന്ന പ്രശ്നങ്ങൾ ചപ്പുചവറുകൾ ശേഖരിച്ച് കൊണ്ടുവരാനുള്ള ഉപകരണങ്ങൾ വളരെ വളരെ പരിമിതമായ തോതിലേ നഗരസഭകളുടെ കൈയ്യിലുള്ളൂ. അതുകൊണ്ട് ചപ്പുചവറുകൾ ശേഖരിച്ചുവരുമ്പോൾ യഥാർത്ഥത്തിൽ ഒരു വാഹനമോ രണ്ടുവാഹനമോ ആണ് കൈയ്യിലുള്ളത്. അതുകൊണ്ട് ഇത്തരം നഗരസഭകൾക്ക് പ്രത്യേകമായി ധനസഹായം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? ഉദാഹരണത്തിന് തിരുവനന്തപുരം കോർപ്പറേഷനാണെങ്കിൽ ചപ്പുചവറുകൾ ശേഖരിക്കുന്നിടത്ത് വലിയ വലിയ പെട്ടികൾ കൊണ്ടുവെച്ചിരിക്കുകയാണ്. അത് വണ്ടിയിലേയ്ക്ക് ആട്ടോമാറ്റിക്കായിട്ട് എടുത്തിടുകയാണ്. ബാക്കി വേസ്റ്റ് അതിന്റെ ചുറ്റും കിടക്കുന്നതുകൊണ്ട് വളരെ മാലിന്യങ്ങളുണ്ടാകുന്നുണ്ട്, ദുർഗന്ധം പരക്കുന്നുണ്ട്. ഇത് എല്ലാ നഗരസഭകളിലും നടക്കുന്നതാണ്. അതുകൊണ്ട് ഇത് കൃത്യമായി ശേഖരിച്ച് കൊണ്ടുവരുന്നതിനുള്ള സംവിധാനങ്ങളേർപ്പെടുത്തുവാൻ ആവശ്യമായ പ്രത്യേക ധനസഹായം നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ഏതെങ്കിലും നഗരസഭകൾ ഈ ചവറുകൾ സംസ്ക്കരിക്കുന്നതിന് സഹായകരമായിട്ടുള്ള രീതിയിൽ ആവശ്യമുള്ള വാഹനങ്ങളുടെ കുറവോ, അതല്ലെങ്കിൽ അതിന്റെ സാമ്പത്തികമായിട്ടുള്ള പരാധീനതകളോ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടില്ല, അങ്ങനെ കൊണ്ടുവന്നാൽ തീർച്ചയായിട്ടും ഇത് വളരെ പ്രധാനപ്പെട്ട വിഷയമെന്നുള്ള നിലയിൽ ആവശ്യമായ നടപടി സ്വീകരിക്കും.

മി. സ്പീക്കർ : ചോദ്യം നമ്പർ 378.

കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരണം

3 (*378)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എം. ദാസൻ :

ശ്രീ. എൻ. കണ്ണൻ :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫണ്ട് രൂപീകരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഫണ്ടിൽ നിന്നുള്ള വിഹിതം സംസ്ഥാനത്തെ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പുനരുദ്ധാരണം നേരിടുന്ന വ്യവസായങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഓരോ വ്യവസായ സ്ഥാപനത്തിനും പുനരുദ്ധാരണ ഫണ്ടിൽ നിന്നും എന്തു തുക വീതം നൽകാനാണ് പഠനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും, മറ്റു വ്യവസായസ്ഥാപനങ്ങളുടെയും വ്യവസായ വകുപ്പിൻ കീഴിലുള്ള സഹകരണസ്ഥാപനങ്ങളുടെയും പുനരുദ്ധാരണത്തിനുവേണ്ട സാമ്പത്തിക സഹായം നൽകുന്നതിന് ധനം സ്വരൂപിക്കുന്നതിനുവേണ്ടി.

(സി) ഈ ഫണ്ടിന്റെ പ്രവർത്തനങ്ങൾ പ്രാരംഭദിശയിലാണ്. ഇതിൽനിന്നും ഇതുവരെ സാമ്പത്തിക സഹായം നൽകിയിട്ടില്ല.

(ഡി) വിവിധമേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി എല്ലാ സെക്ടറുകളിലും വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ധവളപത്രം 1999 ഫെബ്രുവരി മാസത്തിൽ സർക്കാർ പുറത്തിറക്കി.

(ഇ) ഇക്കാര്യത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നതേയുള്ളു.

ശ്രീ. എൻ. കണ്ണൻ : സർ, വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു ചെയ്യുന്നതിനുവേണ്ടി നടപടി സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. ഇന്നത്തെ സ്ഥിതി കണക്കിലെടുത്ത് അവയെ ധനപരമായും, ഘടനാപരമായും, സാങ്കേതികപരമായും ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? എങ്കിൽ അത് വ്യക്തമാക്കാമോ?

ശ്രീമതി സുശീലാ ഗോപാലൻ : വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുന്ന ധവളപത്രം പുറപ്പെടുവിച്ചുകഴിഞ്ഞു. അതുകൂടാതെ സെക്ടർവൈസ് കമ്മിറ്റികളുണ്ടാക്കി ഇതിന്റെ പ്രത്യേക പ്രശ്നങ്ങൾ വ്യക്തമായി വിലയിരുത്തുന്നതിനും അതിന് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള കമ്മിറ്റികളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ കമ്മിറ്റികളുടെ ഫലപ്രദമായ പ്രവർത്തന റിപ്പോർട്ടുകൾ കിട്ടിക്കഴിഞ്ഞാൽ അതിനാവശ്യമായ ധനസഹായം കൊടുക്കുന്നതിനുവേണ്ടി തന്നെയാണ് ഈ ഫണ്ട് രൂപീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണ്ണൻ : സർ, വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനു വേണ്ടി ആവശ്യമായ വിദേശ ടെക്നോളജി ഉപയോഗിക്കുന്നതിനുവേണ്ടി യുള്ള ഫണ്ടിന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഓരോ സ്ഥാപനത്തേയും പ്രത്യേകം പരിശോധിച്ച് ഇവിടെ ലഭിക്കുന്ന ടെക്നോളജി തീർച്ചയായും ഉപയോഗപ്പെടുത്തും. അതുകൂടാതെ വിദേശ ടെക്നോളജിയടക്കം സഹായം ലഭിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയാണ് ഇത്തരം ഒരു ഫണ്ട് രൂപീകരിക്കുമെന്ന് പറഞ്ഞത്. ഈ ഫണ്ടിലേയ്ക്ക് ആവശ്യമായ പണം ഏതേത് മേഖലകളിൽ നിന്ന്, ഏതേത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ഏത് വ്യവസ്ഥയുടെ കീഴിലാണ് സഹായിക്കാൻ ഉദ്ദേശിക്കുന്നത് എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് വല്ല പഠനവും നടത്തിയിട്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതു സംബന്ധിച്ച് കാനറാ ബാങ്കു പോലുള്ള ചില ബാങ്കുകളുമായി ബന്ധപ്പെട്ട് അതിന്റെ കൊമേഴ്സ്യൽ വിംഗ് പണം ലഭിക്കുന്നതിനുവേണ്ടിയുള്ള മൊഡാലിറ്റീസിനെ സംബന്ധിച്ചെല്ലാം വളരെ വിശദമായി പഠിച്ച് അതിനാവശ്യമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയേയും ഇതുമായി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : ബാങ്കുകളടക്കമുള്ള ധനകാര്യസ്ഥാപനങ്ങൾ ഈ ഫണ്ടിലേയ്ക്ക് പണം നൽകുമ്പോൾ അവർ മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകൾ ആകർഷകമാകുമോ; ഉദാഹരണത്തിന് പലിശയെ സംബന്ധിച്ച് മറ്റ് ധനകാര്യ സ്ഥാപനങ്ങൾ നൽകുന്നതിൽ നിന്നും കുറഞ്ഞ നിരക്കിൽ നൽകുക, അതുപോലെ നൽകുന്ന പണം ഷെയറുകളാക്കി മാറ്റുക തുടങ്ങിയുള്ള കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തരത്തിൽ ഗവൺമെന്റ് ആലോചന നടത്തിയിട്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഗവൺമെന്റ് ഗ്യാരന്റിയുടെ അടിസ്ഥാനത്തിലാണ് ഫണ്ട് നൽകുന്നത്. ഇതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ, പ്രത്യേകിച്ചും 60 കോടി രൂപ ഇപ്പോൾതന്നെ ഇക്വിറ്റിയായിട്ട് നൽകിയിട്ടുണ്ട്. അതടക്കം വച്ചുകൊണ്ടാണ് പലിശ നിരക്ക് കാൽക്കുലേറ്റ് ചെയ്യുന്നത്. ബാങ്കുകളിൽനിന്ന് കിട്ടുന്ന അവരുടെ വ്യവസ്ഥകളനുസരിച്ചുള്ള പലിശ 14-15% വരുമെന്നാണ് കണക്കാക്കുന്നത്. അതിന്റെ അവസാനരൂപം ആയിട്ടില്ല. 60 കോടി രൂപകൂടി ഉള്ളതുകൊണ്ട് കുറച്ച് പലിശ കൊടുക്കാൻ കഴിയുമെന്നാണ് ഇന്നത്തെ നില.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ ജില്ലാ സഹകരണബാങ്ക് വ്യവസായ സഹകരണ സംഘങ്ങളെ മെമ്പർഷിപ്പിൽ നിന്നും ഒഴിവാക്കുകയാണ്. ധനസഹായം നൽകുന്നതിന് വ്യവസായ സഹകരണ സംഘങ്ങൾക്ക് പ്രത്യേകമായി ഒരു വ്യവസായ സഹകരണ ബാങ്ക് രൂപീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടോയെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : അതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്. അങ്ങനെ ഒരു ബാങ്ക് ഉണ്ടാക്കുന്ന കാര്യം പരിഗണനയിലില്ല

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, വ്യവസായ പുനരുദ്ധാരണഫണ്ടിൽ നിന്നും സഹായം നൽകുമ്പോൾ പീഡിത വ്യവസായ യൂണിറ്റുകൾ, പുനരുദ്ധാരണത്തിനായി പദ്ധതികൾ സമർപ്പിച്ചിട്ടുള്ള യൂണിറ്റുകൾ, ബി.ഐ.എഫ്.ആർ. റഫർ ചെയ്തിട്ടുള്ള വ്യവസായ യൂണിറ്റുകൾ തുടങ്ങിയ യൂണിറ്റുകൾക്ക് കൂടുതൽ സഹായം നൽകാനുള്ള മുൻഗണനയും ആ സഹായത്തിന് പലിശ ഒഴിവാക്കിക്കൊണ്ട് അവർക്ക് സഹായം നൽകാനുള്ള നടപടിയും സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ബി.ഐ.എഫ്.ആർ.ന്റെ മുന്നിലുള്ള സ്ഥാപനങ്ങളടക്കം വളരെ വ്യക്തമായി വിലയിരുത്തി ആവശ്യമായിട്ടുള്ള ധന സഹായം നൽകുന്നതിനെ സംബന്ധിച്ച് കാൽക്കുലേറ്റ് ചെയ്ത് അവരുമായി പ്രോജക്ട് റിപ്പോർട്ടുകൾ ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ കമ്പനിയും പെർഫോർമൻസ് കോൺട്രാക്ട് ഒപ്പിട്ടതിനുശേഷമാണ് ഇതിനാവശ്യമായ ഫണ്ട് കൊടുക്കുന്നത്. ഒരു പൊതുമേഖലാസ്ഥാപനത്തേയും ഇതിനകത്തുനിന്നും ഒഴിവാക്കിയിട്ടില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 379.

ജുവനൈൽ വെൽഫെയർ ബോർഡുകൾ

4 (*379)ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു. എസ്.ശശി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരമുള്ള ജുവനൈൽ വെൽഫെയർ ബോർഡുകൾ നിലവിലുണ്ടോ; എങ്കിൽ എല്ലാ ജില്ലകളിലും ഇത്തരം ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജില്ലാതലത്തിൽ ഇവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ജുവനൈൽ വെൽഫെയർ ബോർഡുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജുവനൈൽ ജസ്റ്റീസ് ഫണ്ടിന്റെ അനൗദ്യോഗികാംഗങ്ങളെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ;

(ഡി) ജില്ലതലങ്ങളിൽ ജുവനൈൽ വെൽഫെയർ ബോർഡുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ)&(ബി)ഉണ്ട്. ഇടുക്കി ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും 31.3.1999 -ലെ സർക്കാർ ഉത്തരവ്(പി) നമ്പർ 12/99/സാ.ക്ഷ.വ. പ്രകാരം ജുവനൈൽ

LIBRARY ARCHIVES Kerala Legislative Assembly